ജലസംരക്ഷണത്തിന് ചെക്ക്ഡാമുകൾ നിർമ്മിക്കാനായി പഠനം

18 [5975] ശ്രീ. ലൂഡി ലൂയിസ്:
,, സി. പി. മുഹമ്മദ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. എൻ. പ്രതാപൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംരക്ഷണത്തിനു വേണ്ടി എല്ലാ നദിയിലുമായി എത്ര ചെക്ക്ഡാമുകൾ നിർമ്മിക്കേണ്ടതായി വരുമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എത്ര എന്ന് പറയുമോ;

(സി) ഇതേപ്പറ്റി ഒരു പഠനവും നടത്താത്തപക്ഷം ഇക്കാര്യത്തിൽ വിശദമായ ഒരു പഠനത്തിന് ഏർപ്പാടുണ്ടാക്കുമോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര ചെക്ക് ഡാമുകൾ പണിയുവാൻ അനുവാദം നൽകിയിട്ടുണ്ട്;

(ഇ) ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)---സി) ചെക്ക്ഡാമുകളുടെ നിർമ്മാണത്തെ സംബന്ധിച്ചുള്ള നിബന്ധനകൾ പ്രകാരം ജലവിഭവ വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നദികളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പ്രാഥമിക പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ഇൻവെസ്റ്റിഗേഷൻ നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിൽ ചെക്ക് ഡാം കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് ചെക്ക് ഡാമുകളുടെ നിർമ്മാണം ഏറ്റെടുത്തു വരുന്നത്.

(ഡി) 30-11-2001-ൽ കൂടിയ ചെക്ക് ഡാം കമ്മിറ്റിയിൽ 9 ചെക്ക്ഡാമുകൾക്ക് ഭരണാനുമതി നൽകുവാനുള്ള അംഗീകാരവും 10 ചെക്ക് ഡാമുകൾക്ക് ചെക്ക് ഡാം കമ്മിറ്റിയുടെ അംഗീകാരവും നൽകിയിട്ടുണ്ട്.

(ഇ) ഭരണാനുമതി ലഭിച്ച ചെക്ക്ഡാമുകളിൽ ഒരെണ്ണത്തിന്റെ പണി അവസാനഘട്ടത്തിലാണ്. ബാക്കി ചെക്ക്ഡാമുകളുടെ പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസേചനവകുപ്പിൽ നിന്നും ലീഗൽ അസിസ്റ്റന്റ് ടെസ്റ്റ് എഴുതിയവർ

19 [5981] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റായി കാറ്റഗറി 4 വിഭാഗത്തിൽ നിയമനം ലഭിക്കുന്നതിന് നമ്പർ 7661/ അഡ്മിനിസ്ട്രേഷൻ II(2)/97 അഡ്മി. നിയമ വകുപ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ജലസേചന വകുപ്പിൽനിന്നുള്ള എത്ര പേരുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലസേചന വകുപ്പിൽ നിന്നും നിയമനത്തിനായി അപേക്ഷ സമർപ്പിച്ച് യോഗ്യതാ പരീക്ഷ എഴുതിയശേഷം ജലസേചനവകുപ്പിൽനിന്നും ജോലി രാജി വെച്ചവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ജലസേചനവകുപ്പിലെ ജോലി രാജിവെച്ച വ്യക്തിയ്ക്ക് ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള കാട്ട പ്രകാരം ലീഗൽ അസിസ്റ്റന്റ് നിയമനം ലഭിക്കുവാൻ അർഹതയുണ്ടോ;

(ഡി) ജലസേചനവകുപ്പിലെ ജോലി രാജിവച്ച വിവരം നിയമവകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റായി കാറ്റഗറി 4 വിഭാഗത്തിൽ നിയമനം ലഭിക്കുന്നതിന് നമ്പർ 7661/ അഡ്. II(2)/97 ആയി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ജലസേചനവകുപ്പിൽ നിന്നുമുള്ള 5 പേരുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിയമവകുപ്പിൽ ലഭ്യമല്ല. പ്രസ്തുത വിവരം ബന്ധപ്പെട്ട വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ജലസേചനവകുപ്പിലെ ജോലി രാജിവച്ച് നിയമവകുപ്പിൽ വന്നവർ ആരും തന്നെയില്ല. എന്നാൽ ആ വകുപ്പിൽനിന്നും റിലീവ് ചെയ്ത് പി. എസ്. സി. ഓഫീസിൽ ജോലി ലഭിച്ചതിനുശേഷം നിയമവകുപ്പിൽ വന്ന ഒരാൾ ഉണ്ട്.

(ഡി) റിലീവ് ചെയ്തതായി 14-12-2000-ൽ അറിയിച്ചിട്ടുണ്ട്.

ഭൂഗർഭജലം ഉപയോഗിക്കുന്ന കമ്പനികൾ

20 [T5983] ശ്രീ. ലൂഡി ലൂയിസ്:

,, കെ. എ. ചന്ദ്രൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എ. സുജനപാൽ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ഭൂഗർഭജലം എടുത്ത് കോളയോ അതുപോലുള്ള പാനീയങ്ങളോ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) അനുമതി നൽകിയത് ഗവൺമെന്റ് തലത്തിലാണോ അതോ താഴത്തെ തലത്തിലായിരുന്നുവോ;

(ഡി) ഏതു തലത്തിലുള്ള ഉദ്യോഗസ്ഥനാണ് അനുമതി നൽകിയത്; എന്നാണ് ഇതിന് അനുമതി നൽകിയത്; പ്രതിദിനം എത്ര വെള്ളം വീതമെടുക്കാനാണ് അനുമതി നൽകിയത്; അനുമതി പ്രകാരം എടുക്കുന്ന വെള്ളത്തിന് എന്തു റോയൽറ്റി കിട്ടുന്നുണ്ട്;

(ഇ) അനുവദിച്ചതിനേക്കാൾ കൂടുതൽ വെള്ളമെടുക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നത് എപ്രകാരമാണ്?

T മാറ്റിവെക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly